**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1355** | **12-02-2025 - ൽ മറുപടിയ്ക്ക്**

**സ്കൂൾ ഉച്ചഭക്ഷണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സണ്ണി ജോസഫ്, ശ്രീ. അൻവർ സാദത്ത്, ശ്രീ. ടി. ജെ. വിനോദ്, ഡോ. മാത്യു കുഴൽനാടൻ | | ശ്രീ വി ശിവൻകുട്ടി (പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ തുക കുടിശികയായതുമൂലം പദ്ധതി പ്രതിസന്ധിയിലായത് ഗൗരവത്തോടെ കാണുന്നുണ്ടോ; | (എ) | കാണുന്നുണ്ട്. ആയതിനാലാണ് കേന്ദ്ര ഫണ്ട് ലഭിക്കാൻ കാലതാമസം നേരിട്ട സാഹചര്യത്തിൽ കുടിശിക ആയി വിതരണം ചെയ്യുവാനുണ്ടായിരുന്ന ഒക്ടോബർ നവംബർ മാസത്തെ കേന്ദ്ര വിഹിതം മുൻകൂറായി സംസ്ഥാന വിഹിതത്തിൽ നിന്നും 16/01/2025 തീയതിയിലെ ജി ഒ (ആർ ടി) നമ്പർ 462/2025 /പൊ വി വ പ്രകാരം അനുവദിച്ചത് |
| (ബി) | പ്രസ്തുത കുടിശിക അനുവദിക്കാത്തത് കാരണം അദ്ധ്യാപക സംഘടനകൾക്ക് നിരവധി തവണ ഹൈക്കോടതിയിയെ സമീപിക്കേണ്ട അവസ്ഥ ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലെ തുക മാസാമാസം നൽകാൻ നടപടികൾ സ്വീകരിക്കുമോ? | (സി) | ഉച്ചഭക്ഷണ പദ്ധതി കാര്യക്ഷമമാക്കുന്നതിലേക്കായി ഫണ്ട് മുൻകൂർ ആയി വിതരണം, ചെയ്യുവാൻ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പദ്ധതിയിൽ പി.എഫ്.എം.എസ് (പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം) നിർബന്ധമാക്കിയ 2021-22 വർഷം മുതൽ അർഹതപ്പെട്ട കേന്ദ്രവിഹിതം അനുവദിക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. കേന്ദ്ര വിഹിതം 60 % സമയബന്ധിതമായി ലഭിക്കാതിരുന്ന സാഹചര്യങ്ങളിൽ ആവശ്യമായ ഇടപെടൽ നടത്തി കുടിശ്ശിക തീർത്തു വിതരണം ചെയ്യുവാൻ സർക്കാർ കൃത്യമായ നടപടി സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ